**File No. LSGD-DD2/86/2019-LSGD**

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പറക്കോട് ബ്ലോക്ക് പഞ്ചായത്ത് - പൂതങ്കര ജി.പി.എം.യു.പി.സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം എന്ന പ്രോജക്ടിന് അനുവാദം നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.( സാധാ) നം.590/19/തസ്വഭവ** **തിരുവനന്തപുരം, തീയതി,09.03.2019**

==========================================================================

പരാമർശം: 1.പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.13-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂതങ്കര ജി.പി.എം.യു.പി.സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം എന്ന പ്രോജക്ടിന് എയിഡഡ് സ്കൂൾ ആണെന്ന കാരണത്താൽ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചതിനാൽ പരാമർശം (1) പ്രകാരം സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം പണിതു എന്ന് ബന്ധപ്പെട്ട AEO/DEO സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ പദ്ധതിയ്ക്ക് അനുവാദം നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ, പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂതങ്കര ജി.പി.എം.യു.പി.സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം എന്ന പ്രോജക്ടിന് (പ്രോജക്ട് നം.112/2019) ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം പണിതു എന്ന് ബന്ധപ്പെട്ട AEO/DEO സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

To

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ. (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**